**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5487** **05-07-2024 - ൽ മറുപടിയ്ക്ക്**

**മദ്രസ അധ്യാപക ക്ഷേമനിധിയിലേക്കുള്ള ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി നൽകാനുള്ള ഗ്രാന്റ് ഇനത്തിലെ കുടിശിക എത്രയാണെന്നും എത്ര വർഷത്തെ ഗ്രാന്റാണ് നൽകാനുള്ളതെന്നും അവസാനമായി എന്നാണ് ഗ്രാന്റ് നൽകിയതെന്നുമുള്ള വിശദാംശം നൽകാമോ; | (എ) | **20.01.2022 -ലെ സ.ഉ.(സാധാ)നം.279/2022/ പൊ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം 01.04.2014 മുതൽ 06.12.2019 വരെ കോർപ്പസ് ഫണ്ടിന്റെ പലിശ ഇനത്തിൽ ലഭിക്കുമായിരുന്ന തുകയായ 4,16,59,000/- ( നാലുകോടി പതിനാറ് ലക്ഷത്തി അൻപത്തിയൊൻപതിനായിരം രൂപാ മാത്രം) രൂപ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിന് അനുവദിച്ചിരുന്നു. 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ആക്ടിൽ കോർപ്പസ് ഫണ്ട് പലിശ രഹിത നിക്ഷേപം ആയിരിക്കുമെന്ന് പ്രസ്താവിച്ചിട്ടുള്ളതിനാൽ തുടർന്ന് ഈയിനത്തിൽ തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.** |
| (ബി) | സർക്കാർ ഗ്രാന്റ് നൽകാത്തതുമൂലം ക്ഷേമനിധി ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ക്ഷേമനിധി നൽകിവരുന്ന ഒരു ആനുകൂല്യങ്ങളും അംഗങ്ങൾക്ക് നൽകാതിരുന്നിട്ടില്ല. |
| (സി) | ഈ സാമ്പത്തിക വർഷം മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് ഗ്രാന്റ് നൽകാൻ ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | 2024-25 സാമ്പത്തിക വർഷം മദ്രസ്സ അദ്ധ്യാപക ക്ഷേമ നിധിയ്ക്ക് ബജറ്റിൽ 1000/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ